# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2392 09.03.2018 -ലെ മറുപടി

**പൊതു കിണറുകളും കുളങ്ങളും നവീകരിക്കുന്ന പദ്ധതി**

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം**

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ വരൾച്ച പ്രതിരോധിക്കുവാൻ സ്വീകരിക്കുന്ന നടപടികളിൽ ഉപയോഗ ശൂന്യമായ പൊതു കിണറുകളും കുളങ്ങളും നവീകരിക്കുന്ന പദ്ധതി ഉൾപ്പെടുത്തിയിരുന്നോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി വിവിധ ജില്ലകളിലായി 536 കുളങ്ങൾ നവീകരിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നടപ്പിലാക്കി വരുന്നു. |
| ബി) | സംസ്ഥാനത്ത് വെള്ളം ഉണ്ടെങ്കിലും തകരാർ മൂലം ഉപയോഗശൂന്യമായി കിടന്ന കുഴൽ കിണറുകൾ നവീകരിക്കുന്ന പദ്ധതി ഇതിൽ ഉൾപ്പെടുത്തിയിരുന്നോ; സംസ്ഥാനത്തെ എത്ര കുഴൽകിണറുകളാണ് ഇത്തരത്തിൽ നവീകരിച്ചത്; പത്തനംതിട്ട ജില്ലയിൽ എത്ര കുഴൽ കിണറുകൾ നവീകരിച്ചു; ഇതിനായി ജില്ലയിൽ എത്ര രൂപ ചെലവഴിച്ചു;വിശദാംശങ്ങൾ നൽകുമോ; | ബി) | ഭൂജല വകുപ്പ് 2017-ലെ വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 5389 കുഴൽകിണർ കൈപ്പമ്പുകളുടെ അറ്റകുറ്റപണികളും, 347 കുഴൽ കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീ കരിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ 2017-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽപ്പെടുത്തി 669 കുഴൽകിണറുകൾ നവീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായി 63,39,086/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) | പുതിയ കുഴൽ കിണറുകൾ ഈ സ്കീമിൽ നിർമ്മിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഇല്ലെങ്കിൽ എന്തുകൊണ്ട്;വിശദമാക്കാമോ? | ഡി) | ഭൂജല വകുപ്പ് 2017-ലെ വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ഓരോ കുഴൽകിണറും, തൃശ്ശൂർ ജില്ലയിൽ 8 എണ്ണവും പുതിയതായി നിർമ്മിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**